പെൻഷൻ ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം

237 (7536) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. ദാസൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ പെൻഷനുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഇത്തരത്തിലൊരു തീരുമാനം കൈക്കൊള്ളാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സാമൂഹ്യനീതിവകുപ്പുവഴി നടപ്പിലാക്കിവരുന്ന സാമൂഹ്യക്ഷേമ പെൻഷനുകളായ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, അഗതി/വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ഇവയുടെ അർഹതയ്ക്കുള്ള കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയായി ഏകീകരിച്ച് 20-6-2014-ന് സ.ഉ.(എംഎസ്.) നമ്പർ 52/14/സാനീവ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) വാർദ്ധക്യകാല പെൻഷൻ ഒഴികെയുള്ള സാമൂഹ്യക്ഷേമ പെൻഷനുകളുടെയെല്ലാം അർഹതയ്ക്കുള്ള കുടുംബ വാർഷിക വരുമാനപരിധി ഗ്രാമപ്രദേശങ്ങളിൽ 20,000 രൂപയും നഗരപ്രദേശങ്ങളിൽ 22,375 രൂപയുമായിരുന്നു. സാമൂഹ്യക്ഷേമ പെൻഷനുകളിൽ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷന് അർഹരാകണമെങ്കിൽ ബി.പി.എൽ. കുടുംബാംഗമാകണമെന്നതായിരുന്നു നിബന്ധന. 20-7-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 59/13/സാനീവ ഉത്തരവ് പ്രകാരം വാർദ്ധക്യകാല/വിധവാ പെൻഷനുകൾക്കുള്ള അർഹത എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് അനുവദിക്കുന്നതിന് അനുമതി നൽകുകയുണ്ടായി. എന്നാൽ വരുമാനപരിധി 3 ലക്ഷം രൂപയായി ഉയർത്തിയപ്പോൾ 25,000 രൂപ പ്രതിമാസ വരുമാനമുള്ള സർക്കാർ ജീവനക്കാരുടെ കുടുംബാംഗങ്ങൾ, സർവ്വീസ് പെൻഷൻകാർ, അംഗൻവാടി ജീവനക്കാർ, വരുമാനം കൃത്യമായി രേഖപ്പെടുത്താൻ കഴിയാത്ത ഗൾഫുകാർ, കച്ചവടക്കാർ എന്നിങ്ങനെ പല മേഖലയിലുള്ളവരും പെൻഷൻ അവകാശപ്പെടാൻ തുടങ്ങി. അവശരും ആലംബഹീനരുമായവർക്കുമായി രൂപം നൽകിയ ക്ഷേമപദ്ധതിയുടെ ലക്ഷ്യം തന്നെ മാറിപ്പോവുമെന്ന സാഹചര്യത്തിൽ വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ എന്നിവയുടെ അർഹതയ്ക്കുള്ള കുടുംബ വാർഷിക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വരുമാനപരിധി 3 ലക്ഷം രൂപയായി ഉയർത്തിയത് ഭേദഗതി ചെയ്യുന്നതിന് മറ്റ് സാമൂഹ്യപെൻഷൻ അർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാനപരിധി ഉയർത്തുന്നതിനും തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ എല്ലാ സാമൂഹ്യക്ഷേമ പെൻഷനുകളുടെയും അർഹതയ്ക്കുള്ള കുടുംബ വാർഷിക വരുമാനപരിധി 1 ലക്ഷം രൂപയായി ഏകീകരിച്ച് 20-6-2014-ന് സ.ഉ.(എംഎസ്.) നമ്പർ 52/14/ സാനീവ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

സാമൂഹ്യക്ഷേമ പെൻഷന്റെ വാർഷിക വരുമാനപരിധി

238 (7537) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമപെൻഷനുകൾ ലഭിക്കുന്നതിനുള്ള വാർഷിക വരുമാനപരിധി എത്ര രൂപയാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പരിധിയിൽ എന്ത് മാറ്റം വരുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) സാമൂഹ്യനീതിവകുപ്പുവഴി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സാമൂഹ്യക്ഷേമ പെൻഷനുകൾ ലഭിക്കുന്നതിനുള്ള കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയാണ്.

(ബി) സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നതിനുള്ള കുടുംബവാർഷിക വരുമാനം സംബന്ധിച്ച് 20-7-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 59/13/സാനീവ പ്രകാരം വാർദ്ധക്യകാല പെൻഷൻ, അഗതി/വിധവാ പെൻഷൻ ഗുണഭോക്താക്കളുടെ വാർഷിക വരുമാനം എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ 3 ലക്ഷം രൂപയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 20-6-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 52/14/സാനീവ ഉത്തരവ് പ്രകാരം സാമൂഹ്യക്ഷേമ പെൻഷനുകളുടെയെല്ലാം അർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയായി ഏകീകരിച്ച് ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

നിർഭയ കേന്ദ്രങ്ങളിലെ സുരക്ഷാ പാളിച്ചകൾ

239 (7538) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര നിർഭയ കേന്ദ്രങ്ങളുണ്ട് ; ഈ കേന്ദ്രങ്ങളിലെല്ലാംകൂടി എത്ര അന്തേവാസികളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദവിവരം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly